100/51
30/9/14.

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വയനാട് 'വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ ഡിഫെറന്റ്ലി ഏബിൾഡ്' എന്ന സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.551/2014/സാനീവ                    തിരുവനന്തപുരം, തീയതി, 27.08.2014.

==========================================================================

പരാമർശം : 1. 26.10.2013 ലെ സ.ഉ.(സാധാ) 539/13/സാനീവ നമ്പർ ഉത്തരവ്

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 23.05.2014 ലെ എഫ് 5- 33618/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വയനാട് കണിയാമ്പറ്റയിലെ 'വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്' എന്ന സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി പ്രവർത്തി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുള്ളതാണെന്നും ടി ഏജൻസിയുമായുള്ള കരാർ പ്രകാരം ആദ്യ ഗഡുവായ 50% തുക മുൻകൂറായി നൽകിയിട്ടുള്ളതാണെന്നും ബാക്കി 50% തുകയായ 12.5 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വയനാട് കണിയാമ്പറ്റയിലെ 'വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്' എന്ന സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകാനുള്ള ബാക്കി തുകയായ 12.5 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-101-74(പ്ലാൻ) ശീർഷകത്തിൽ ലഭ്യമായിട്ടുള്ള 28 ലക്ഷം രൂപയിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (ഡി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂമീഡിയാവിഭാഗം(വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ